# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1196 02.03.2017-ലെ മറുപടിക്ക്

### ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർ

| ചോദ്യം<br>ശ്രീ.ടി. വി.ഇബ്രാഹിം | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഒഴിഞ്ഞ് കിടക്കുന്ന പ്രിൻസിപ്പൽ തസ്തികയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം - 4<br>കൊല്ലം - 2<br>പത്തനംതിട്ട – 2<br>ആലപ്പുഴ – 4<br>കോട്ടയം - 3<br>ഇടുക്കി - 12<br>എറണാകുളം - 13<br>തൃശ്ശൂർ - 6<br>പാലക്കാട് - 14<br>കോഴിക്കോട് - 19<br>മലപ്പുറം - 37<br>വയനാട് - 12<br>കണ്ണൂർ - 16<br>കാസർഗോഡ് - 32<br>ആകെ - 176. |
| (ബി) സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിനു നിലവിൽ പ്രമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br>&<br>(സി) പ്രിൻസിപ്പൽ നിയമനത്തിന് സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ? | (ബി) & (സി) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് അനുസരിച്ച് എച്ച്.എസ്.എസ്.റ്റി മാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പ്രിൻസിപ്പൽ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കോടതി സ്റ്റേ നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.